(സി) പാചകവാതക വിതരണ രംഗത്തിലെ ക്രമക്കേടുകൾ സംബന്ധിച്ച് ഗ്യാസ് ഏജൻസികളും ഉപഭോക്താക്കളും തമ്മിലുള്ള പരാതികൾ പരിഹരിക്കുന്നതിനായി ഗ്യാസ് ഏജൻസി തലത്തിൽ സോഷ്യൽ മോണിറ്ററിംഗ് സമിതികൾ പ്രവർത്തിക്കുന്നുണ്ട്. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഓപ്പൺ ഫോറങ്ങളും പരാതി പരിഹാര അദാലത്തുകളും സംഘടിപ്പിച്ച് പരാതികൾ പരിഹരിക്കുന്നുണ്ട്. കൂടാതെ ഉപഭോക്താക്കൾക്ക് 24 മണിക്കൂറും പ്രവർത്തിക്കുന്ന 1800-2333-555 എന്ന ടോൾ ഫ്രീ നമ്പറിലും ബന്ധപ്പെട്ട എണ്ണക്കമ്പനികളുടെ വെബ്സൈറ്റിലും പരാതികൾ രേഖപ്പെടുത്താവുന്നതാണെന്ന് എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്.

ഉപഭോക്തൃ കോടതികളിലെ കേസ്സുകൾ

192 (5277) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഉപഭോക്തൃ കോടതികളിൽ രജിസ്റ്റർ ചെയ്യുന്ന പല കേസ്സുകളിലും നടപടികൾ വളരെ നീണ്ടുപോകുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; കേസ്സുകൾ അനന്തമായി നീളുന്നതുമൂലം ഉപഭോക്താക്കൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്തിട്ടുണ്ടോ എന്നു വ്യക്തമാക്കാമോ ;

(ബി) ഉപഭോക്തൃ കോടതികളിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന കേസ്സുകൾ തീർപ്പാകുന്നതിന് ഒരു നിശ്ചിതകാലയളവ് നിശ്ചയിക്കുവാൻ തയ്യാറാകുമോയെന്ന് വെളിപ്പെടുത്താമോ ;

(സി) ബി.എസ്.എൻ.എൽ., കെ.എസ്.ഇ.ബി. പോലുള്ള സ്ഥാപനങ്ങൾ കേസ്സുകൾ നടത്തുവാൻ താത്പര്യക്കുറവ് കാണിക്കുന്നതുമൂലം ഉപഭോക്താക്കൾക്കുണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ സർക്കാർതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കേസ്സുകൾ വളരെയേറെ നീണ്ടുപോകാറില്ല. എന്നാൽ കേസ്സിന്റെ സ്വഭാവം, കക്ഷികൾ ഹാജരാകാതിരിക്കുക, കൂടുതൽ തെളിവെടുപ്പിനുള്ള കാലതാമസം എന്നീ ഘടകങ്ങൾ കൊണ്ടാണ് കേസ്സുകൾ നീളുന്നത്. ഇത്തരം സാഹചര്യങ്ങളിൽ ഉപഭോക്താവിനുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കപ്പെടുന്നതിലേയ്ക്കായി കോടതി ചെലവിൽ എക്സ്പെർട്ട് കമ്മീഷണർമാരെ നിയമിക്കാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കൂടാതെ മുതിർന്ന പൗരന്മാർക്കായി ആവശ്യപ്പെടുന്നപക്ഷം അമിക്കസ് ക്യൂറിമാരെ നിയമിക്കാറുണ്ട്. ഉപഭോക്താക്കളുടെ ബുദ്ധിമുട്ട് പരിഹരിക്കുന്നതിനും കേസ്സുകൾ വേഗത്തിൽ തീർപ്പ് കൽപ്പിക്കുന്നതിനുമായി സംസ്ഥാന കമ്മീഷന്റെ അദാലത്തുകളും ക്യാമ്പ് സിറ്റിംഗുകളും സംഘടിപ്പിക്കാറുണ്ട്.

(ബി) 1986-ലെ ഉപഭോക്തൃ സംരക്ഷണ നിയമത്തിൽ ജില്ലാ ഉപഭോക്തൃ തർക്കപരിഹാര ഫോറങ്ങളിലും സംസ്ഥാന ഉപഭോക്തൃ തർക്കപരിഹാര കമ്മീഷനിലും ഫയൽ ചെയ്യപ്പെടുന്ന കേസ്സുകളിലും അപ്പീലുകളിലും നടപടി പൂർത്തിയാക്കേണ്ടതിന്റെ സമയപരിധി വ്യക്തമായി നിഷ്കർഷിച്ചിട്ടുണ്ട്.

(സി) ബി.എസ്.എൻ.എൽ., കെ.എസ്.ഇ.ബി. പോലുള്ള സ്ഥാപനങ്ങൾ കേസ്സുകൾ നടത്തുവാൻ താൽപ്പര്യക്കുറവ് കാണിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അങ്ങനെയുള്ളപക്ഷം സമൻസ്, വാറന്റ് എന്നിവമൂലം കേസ്സുകൾ മുന്നോട്ടുകൊണ്ട് പോകാറുണ്ട്.

ആറ്റിങ്ങൽ, കിളിമാനൂർ സബ് രജിസ്ട്രാർ ഓഫീസുകളിലെ ഓൺലൈൻ സംവിധാനത്തിലെ തകരാർ

. **193 (5278)** ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറ്റിങ്ങൽ, കിളിമാനൂർ സബ് രജിസ്ട്രാർ ഓഫീസുകളിൽ നിരന്തരമുണ്ടാകുന്ന ഓൺലൈൻ തകരാറുകൾ പരിഹരിക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ബി) ഓൺലൈൻ സംവിധാനം തകരാറാകുന്നത് കാരണം പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അടിയന്തരമായി ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നിരന്തരം ഓൺലൈൻ തകരാറുണ്ടാകാറില്ല. നിലവിൽ കേരള സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ്വർക്ക് അടിസ്ഥാനമാക്കി ബി.എസ്.എൻ.എൽ.-ന്റെ ലീസ്ഡ് സർക്യൂട്ടുകൾ ഉപയോഗിച്ചുകൊണ്ടാണ് സബ് രജിസ്ട്രാർ ഓഫീസുകളിൽ ഓൺലൈൻ സംവിധാനം പ്രവർത്തിക്കുന്നത്. ഇതിൽ തകരാറുകൾ വരുന്നപക്ഷം ഓൺലൈൻ സംവിധാനം പ്രവർത്തിക്കില്ല. ഇതിന് പരിഹാരമായി ഒരു ബാക്കപ്പ് ലൈൻകൂടി സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly